## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6071 — 7.7.2014-ൽ മറുപടിക്ക്

### ബയോഗ്യാസ് പ്ലാന്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.കെ.ലതിക | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) മാലിന്യസംസ്കരണത്തിന്റെ ഭാഗമായി ഏതൊക്കെതരം ബയോഗ്യാസ് പ്ലാന്റുകൾക്കാണ് പഞ്ചായത്തുകൾ പദ്ധതിവിഹിതം ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) മാലിന്യസംസ്ക്കരണത്തിന്റെ ഭാഗമായി ഫിക്സഡ് ഡോം ടൈപ്പ്, ഫ്ളോട്ടിംഗ് ഡോം ടൈപ്പ് എന്നിവ ഉൾപ്പെടുത്തി പഞ്ചായത്തുകൾ നൽകുന്ന പ്രോജക്ടുകൾക്കാണ് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും അനുവദിച്ച് നൽകി വരുന്നത്. |
| ബി) എത്ര തുക വീതമാണ് ഓരോ ഇനം പ്ലാന്റുകൾക്കും വേണ്ടി പഞ്ചായത്തുകൾ ധനസഹായം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | ബി) സാങ്കേതികാനുമതിയിൽ ഉൾപ്പെടുത്തി അനുമതി നൽകുന്ന ബയോഗ്യാസ് പ്ലാന്റുകളുടെ യൂണിറ്റ് നിരക്കിന്റെ 50% സർക്കാർ സാമ്പത്തിക സഹായവും 25% തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സഹായവും നൽകുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. |
| സി) ബയോഗ്യാസ് പ്ലാന്റുകൾ വ്യാപകമാക്കുന്നതിന് മുഴുവൻ അപേക്ഷകർക്കും പ്ലാന്റുകൾ സ്ഥാപിച്ചു നൽകുവാൻ പഞ്ചായത്തു വകുപ്പ് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ? | സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പ്രൊജക്ടുകൾക്ക് പഞ്ചായത്ത് വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്നും ലഭിക്കുന്ന തുകയും കേന്ദ്ര പദ്ധതിയായ നിർമ്മൽ ഭാരത് അഭിയാൻ വഴി ലഭിക്കുന്ന തുകയും വിനിയോഗിച്ച് ഓരോവർഷവും പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ